**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **01-09-2022 - ൽ മറുപടിയ്ക്ക്**

**വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി നീക്കിവെക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവൽസര പദ്ധതി നിർവ്വഹണത്തിനായുള്ള പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഗ്രാമ -ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ പൊതു വികസന ഫണ്ടിലെ സാധാരണവിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. ആയത് പ്രകാരം തുക വകയിരുത്തിയെങ്കിൽ മാത്രമേ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾക്ക് ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമാകുകയുള്ളൂ എന്നതിനാൽ വയോജനക്ഷേമത്തിനായുള്ള തുക വകമാറ്റി ചെലവഴിക്കുവാൻ കഴിയുകയില്ല. |
| (ബി) | വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ.; | (ബി) | സർക്കാർ 1600/- രൂപ നിരക്കിൽ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ വികലാംഗരായ വയോജനങ്ങൾക്ക് വികലാംഗ പെൻഷൻ 600/- രൂപ നിരക്കിലും നൽകുന്നുണ്ട്.<br><br>വയോജന ക്ഷേമത്തിനായി ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ പൊതു വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തി സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ ചുവടെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വയോജനങ്ങളുടെ ശാരീരിക, മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. ആയുഷുമായി സഹകരിച്ച് യോഗ പരിശീലനം, വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാരം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം (07.03.2019 തീയതിയിലെ സ.ഉ.(സാധാ) നം.553/2019/തസ്വഭവ) ഏറ്റെടുക്കാവുന്നതാണ്. കൂടാതെ പകൽ വീടുകൾ വയോജന പരിപാലന കേന്ദ്രം എന്നിവയും സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശസ്ഥാപനമായി മാറുന്നതിന്റെ ഭാഗമായി പകൽസമയത്ത് പ്രവർത്തിക്കുന്ന വിശ്രമ - വിനോദ കേന്ദ്രങ്ങൾ വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് ഒരു ഗ്രാമ പഞ്ചായത്തിൽ മൂന്ന് എണ്ണം എന്ന ക്രമത്തിൽ ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വയോ ക്ലബ്ബിൽ പരിശീലനം ലഭിച്ച ഒരു കെയർ ടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നുമെടുക്കാവുന്നതും പ്രതിമാസം 4000/-രൂപ കുടുംബശ്രീയിൽനിന്നും 500 രൂപ വീതം ജില്ലാ -ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമായി നൽകി മേൽ പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |
| (സി) | വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ.? | (സി) | സർക്കാർ 1600/- രൂപ നിരക്കിൽ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ വികലാംഗരായ വയോജനങ്ങൾക്ക് വികലാംഗ പെൻഷൻ 600/- രൂപ നിരക്കിലും നൽകുന്നുണ്ട്.<br><br>വയോജന ക്ഷേമത്തിനായി ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ പൊതു വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും നിർബന്ധമായും വകയിരുത്തി സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ ചുവടെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br>വയോജനങ്ങളുടെ ശാരീരിക, മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്ന പ്രോജക്ടുകൾക്ക് |

| | | | |
|---|---|---|---|
| | | | മുൻഗണന നൽകണം. ആയുഷുമായി സഹകരിച്ച് യോഗ പരിശീലനം, വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാരം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം (07.03.2019 തീയതിയിലെ സ.ഉ.(സാധാ) നം.553/2019/തസ്വഭവ) ഏറ്റെടുക്കാവുന്നതാണ്. കൂടാതെ പകൽ വീടുകൾ വയോജന പരിപാലന കേന്ദ്രം എന്നിവയും സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശസ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി പകൽസമയത്ത് പ്രവർത്തിക്കുന്ന വിശ്രമ - വിനോദ കേന്ദ്രങ്ങൾ വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് ഒരു ഗ്രാമ പഞ്ചായത്തിൽ മൂന്ന് എണ്ണം എന്ന ക്രമത്തിൽ ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വയോ ക്ലബ്ബിൽ പരിശീലനം ലഭിച്ച ഒരു കെയർ ടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നുമെടുക്കാവുന്നതും പ്രതിമാസം 4000/-രൂപ കുടുംബശ്രീയിൽനിന്നും 500 രൂപ വീതം ജില്ലാ -ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമായി നൽകി മേൽ പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ